


നാണയശേഖരണത്തിന്റെ
അടിസ്ഥാന
വിവരണങ്ങളായിരുന്നു
കഴിഞ്ഞ ലക്കം. തുടർന്നു
വായിച്ചോളൂ...



ആദ്യത്തെ ഇസ്‌ലാമിക നാണയം
(ഉമയ്യ ഖലീഫയുടെ ദിനാർ)

# നാണയ ശേഖരണം എന്ന കല

(രണ്ടാം ഭാഗം)



*അക്ബറുടെ നാണയം*

ഇസ്‌ലാമിക രാജ്യം റോമ- പേർഷ്യൻ സാമ്രാജ്യങ്ങളുടെ കീഴിലുണ്ടായിരുന്ന മധ്യപൗരസ്ത്യ പ്രദേശങ്ങളിലേക്കും ഇന്ത്യയിലേക്കും യൂറോപിലെ സ്പെയിനിലേക്കും വ്യാപിച്ചപ്പോൾ പുതിയ നാണയങ്ങൾ അടിച്ചിറക്കേണ്ട ആവശ്യമുണ്ടായി.

എ.ഡി 690 ൽ അതായത് ഇസ്‌ലാമിക കലണ്ടർ അനുസരിച്ച് ഹിജ്റ 77 ൽ ഉമയ്യ സാമ്രാജ്യത്തിന്റെ ഖലീഫയായിരുന്ന അബ്ദ്- അൽ മാലിക്-ബിൻ മർവാൻ പുറത്തിറക്കിയ ദൈവനാമം ആലേഖനം ചെയ്ത സ്വർണ്ണനാണയമാണ് ആദ്യത്തെ ഇസ്‌ലാമിക നാണയം.

ലാ ഇലാഹ ഇല്ലള്ളാഹ് മുഹമ്മദ് റസൂലുള്ളാഹ് എന്ന വചനം ഇതിൽ അറബിയിൽ കൊത്തിയിരുന്നു.

ഈ നാണയത്തിന് മുമ്പ് ഇറാനിലും ഇറാഖിലും പേർഷ്യൻ രീതിയിലുള്ള വെള്ളിനാണയങ്ങളും സിറിയയിലും ഈജിപ്തിലും റോമൻ രീതിയിലുള്ള സ്വർണ്ണനാണയങ്ങളും ചെമ്പുനാണയങ്ങളുമാണ് ഉമയ്യ ഭരണാധികാരികൾ പ്രാബല്യത്തിൽ കൊണ്ടുവന്നിരുന്നത്.

ആദ്യഘട്ടത്തിൽ ഇസ്‌ലാമിക നാണയങ്ങൾ അറബിലിപികൾക്കും ചിഹ്നങ്ങൾക്കുമൊപ്പം പേർഷ്യൻ നാണയങ്ങളുടെ ചിഹ്നങ്ങളും റോമൻ നാണയങ്ങളുടെ ചിഹ്നങ്ങളും ചേർന്നാണ് ഇറക്കിയിരുന്നത്. ക്രമേണ ഇതര ചിഹ്നങ്ങൾ പിൻവലിക്കപ്പെടുകയും ഉമയ്യ കാലത്ത് ഖുർആൻ വാക്യങ്ങൾ കൊത്തിയ നാണയങ്ങൾ പ്രാബല്യത്തിൽ വരികയും ചെയ്തു.

ഓരോ ഇസ്‌ലാമിക നാണയങ്ങളിലും അവ അടിച്ച മിന്റുകളുടെ പേരും രാജാവിന്റെ പേരും പിതാവിന്റെ പേരും അടയാളപ്പെടുത്തിയിരുന്നു. പുതിയ ഭരണാധികാരികൾ അധികാരത്തിലേറുമ്പോൾ തങ്ങളുടെ പേരിലുള്ള നാണയങ്ങൾ പുറത്തിറക്കിയിരുന്നു.

അതുപോലെ സാമ്രാജ്യത്തിൽ ഏതെങ്കിലും പ്രദേശത്ത് കലാപകാരികൾ അധികാരം പിടിച്ചെടുത്താൽ അവരും തങ്ങളുടെ പേരിൽ നാണയം ഉടൻ പുറത്തിറക്കിയിരുന്നു.



ജഹാംഗീർ നാണയം

അതിനാൽ തന്നെ ഇസ്‌ലാമിക നാണയങ്ങളുടെ പഠനത്തിലൂടെ നമുക്ക് ചരിത്ര സംഭവങ്ങളിലേക്ക് കൃത്യമായി എത്തിച്ചേരാൻ കഴിയുന്നു.

## ഇന്ത്യയിലെ മുസ്ലിം രാജവംശ നാണയങ്ങൾ

ഇന്ത്യയിലെ മധ്യകാലം മുസ്‌ലിം രാജവംശങ്ങളുടെ ഭരണകാലം ആയിരുന്നല്ലോ. അറബ്, തുർക്കി, മുഗൾ, രാജവംശങ്ങളുടെ നാണയങ്ങൾ ഉൾപ്പെടുന്നതാണ് ഇന്ത്യയിലെ മധ്യകാല നാണയങ്ങൾ. ടാങ്ക, ദിർഹം മുതലായവയായിരുന്നു അക്കാലത്തെ നാണയങ്ങൾ. ഒരു വശത്ത് അറബിക് കുഫി ലിപിയും മറു ഭാഗത്ത് സംസ്കൃത ദേവനാഗരി ലിപിയും കൊത്തിയിരുന്നു.

1520- ൽ ലോധിവംശത്തെ തകർത്ത് ബാബർ മുഗൾ സാമ്രാജ്യം സ്ഥാപിച്ചു. മദ്ധ്യേഷ്യൻ രീതിയിലുള്ള നാണയങ്ങൾ തന്നെയായിരുന്നു മുഗളരും പുറത്തിറക്കിയത്. വെള്ളി രൂപയായിരുന്നു അടിസ്ഥാന നാണ




ബ്രിട്ടീഷ് ഇന്ത്യ ചക്രവർത്തിയായിരുന്ന ജോർജ് ആറാമന്റെ നാണയം

▶▶വർണാന്ധതയുള്ളവർക്ക് തിരിച്ചറിയാൻ കഴിയാത്ത നിറങ്ങൾ- ചുവപ്പ്, പച്ച

യം. അതിന്റെ ഭാരം 178 ഗ്രെയിൻസ് ആക്കി നിജപ്പെടുത്തിയിരുന്നത് ജഹാംഗീർ 180 ഗ്രെയിൻസ് ആക്കി.

മുഗൾ വംശങ്ങളുടെ നാണയങ്ങളിൽ ഖുർആൻ വചനങ്ങളും മത ധർമ്മങ്ങളും മുദ്രണം ചെയ്തിരുന്നു. ഒപ്പം ഭരണാധികാരിയുടെ പദവി, നാമം, ഹിജ്റ വർഷം, കമ്മട്ടത്തിന്റെ പേര് എന്നിവയും ആലേഖനം ചെയ്തിരുന്നു.

## ബ്രിട്ടീഷ് നാണയങ്ങൾ

1600-ൽ വ്യാപാരികൾക്ക് എലിസബത്ത് രാജ്ഞി തിട്ടൂരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈസ്റ്റ് ഇന്ത്യാകമ്പനി നിലവിൽ വന്നു. 17ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ അവർ നാണയങ്ങൾ മുദ്രണം ചെയ്യാനാരംഭിച്ചു. 1717 ൽ ബ്രിട്ടീഷുകാർ മുഗൾ ചക്രവർത്തിമാരുടെ പേരിൽ രൂപ




*ബ്രിട്ടീഷ് ഇന്ത്യ ചക്രവർത്തി വില്യം-4 രാജാവിന്റെ നാണയം*

അടിച്ചിറക്കാനുള്ള അനുവാദം നേടി. കരോളിന എന്നു പേരുള്ള സ്വർണ്ണനാണയവും ആംഗ്ലിന എന്ന പേരിൽ വെള്ളിനാണയവും കുപ്പറൂൺ എന്ന പേരിൽ ചെമ്പുനാണയവും ടി




*ബ്രിട്ടീഷ് ഇന്ത്യ ചക്രവർത്തി വിക്ടോറിയയുടെ നാണയം*



*ടിപ്പു സുൽത്താൻ കോഴി ക്കോട് കമ്മട്ടത്തിൽ നിന്ന് അടിച്ച സ്വർണപണം*

## ഹൈദരാലിയുടെയും ടിപ്പുസുൽത്താന്റെയും നാണയങ്ങൾ

1761 മുതൽ 1799 വരെ മൈസൂർ ഭരിച്ചിരുന്ന ഹൈദരാലിയും ടിപ്പുസുൽത്താനും ധാരാളം നാണയങ്ങൾ പുറത്തിക്കിയി ട്ടുണ്ട്. ഹൈദരാലി സ്വർണ്ണ നാണയങ്ങളും ചെമ്പുനാണയ ങ്ങളും ഇറക്കിയിരുന്നു. നാണയ ങ്ങളിലെ ലോഹത്തിന്റെ അളവ് ഇരുവശത്തുമുള്ള വിവരണ ങ്ങൾ, കൃത്യമായ ഭാരവും വ്യാസവും, കൃത്യമായ വർഷം എന്നിവയാണ് ഈ നാണയങ്ങ ളെ അദ്വിതീയമാക്കുന്നത്. ടിപ്പു സുൽത്താന്റെ നാണയങ്ങളിൽ ഒരു വശത്ത് ആനയുടെ ചിഹ്നം കാണാം. കാശ്, പൈസ, രൂപ, പണം, പഗോ ഡ, മോഹർ തുടങ്ങിയ 6 പേരുകളിൽ നാണയങ്ങൾ പ്രചരിപ്പിച്ചു. ടിപ്പു സുൽത്താന്റെ ഇരട്ടപ്പൈസ സുന്ദരമായ ഒരു നാണയമാണ്.



*പഴശ്ശിയെ തോൽപ്പിച്ചതിൻെറ സ്മരണക്കായി ബ്രിട്ടീഷുകാർ തലശ്ശേരിയിൽ നിന്നും ഇറക്കിയ നാണയം*

ന്നി എന്ന പേരിൽ നാകനാണയവും ഇറക്കി.

1857ലെ ഒന്നാം സ്വാതന്ത്ര്യ സമ രത്തിനു ശേഷം വിക്ടോറിയ രാജ്ഞി ഇന്ത്യാ ചക്രവർത്തിനിയായി അധി കാരമേറ്റു. അതിനുശേഷമുള്ള വർ ഷങ്ങളിൽ 1947 വരെ ബ്രിട്ടീഷ് രാജാ വിന്റെ പേരിലാണ് ഇന്ത്യൻ നാണയ ങ്ങൾ ഇറങ്ങിയിരുന്നത്. 1906ൽ ഇന്ത്യൻ കോയിനേജ് ആക്ട് നിലവിൽ വന്നു. വെള്ളിക്ക് 916.66 മാറ്റ്, രൂ പയ്ക്ക് 180 ഗ്രെയിൻസ് തൂക്കം, അര

▶▶ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള ദ്വീപ്- ജാവദ്വീപ് (ഇന്തോനേഷ്യ)

## വേണാട്, തിരുവിതാംകൂർ നാണയങ്ങൾ


*തിരുവിതാംകൂർ ചിത്രാ അര രൂപ നാണയം*

കുലശേഖര സാമ്രാജ്യത്തിന്റെ തുടർച്ചയായാണ് വേണാട്, രാജാക്കന്മാർ ഭരണം നടത്തിയത്. സംഘകാല നാണയങ്ങളോട് ബന്ധപ്പെട്ടതും പിൽക്കാല പാണ്ഡ്യ നാണയങ്ങളോട് സാദൃശ്യം പുലർത്തുന്നതുമാണ് വേണാട് നാണയങ്ങൾ. വേണാട് ചേരനാണയങ്ങളിൽ പരശു. ശംഖ്, ചക്രം തുടങ്ങിയ രാജചിഹ്നങ്ങൾ കാണാം. സാധാരണക്കാരുടെ ഉപയോഗത്തിനായി താഴ്ന്നതരം ലോഹങ്ങൾ ഉപയോഗിച്ചു കൊണ്ട് തിരക്കാശിന്റെ അനേകം മാതൃകകൾ കാണാം. സർപ്പക്കാശ്, ബൊാമ്മക്കാശ്, വെള്ളിപ്പണം, വെള്ളി രൂപകൾ, പത്മനാഭ മുദ്രയുള്ള സ്വർണ്ണനാണയം ഉൾപ്പെടെ വൈവിധ്യമാർന്ന നാണയങ്ങൾ തിരുവിതാംകൂർ പുറത്തിറക്കിയിരുന്നു.

രൂപക്ക് 90 ഗ്രേയിൻസ് തൂക്കം, കാൽ രൂപക്ക് 45 ഗ്രെയിൻസ് തൂക്കം.

1/12 അണ, 1/2 പൈസ, ഒരു പൈസ, 1/4 അണ, 1/2 അണ, 1 അണ, 2 അണ, 1/4 രൂപ, നാല് അണ, എട്ട് അണ, ഒരു രൂപ, 15 രൂപ എന്നീ മൂല്യങ്ങളിലാണ് നാണയങ്ങൾ ഇറക്കിയത്.

തുടർന്ന് വന്ന ജോർജ് നാലാമന് ശേഷം അദ്ദേഹത്തിന്റെ സഹോദരനായിരുന്ന വില്യം നാലാമൻ 1830 ജൂൺ 26 നാണ് അധികാരമേറ്റത്. വില്യം രാജാവിന്റെ പേരിൽ ഒരു മൊഹറിന്റെയും രണ്ടു മൊഹറിന്റെയും സ്വർണ്ണനാണയങ്ങളും ഒരു രൂപ, അര രൂപ, കാൽ രൂപ വെള്ളി നാണയങ്ങളും ഇറക്കിയിരുന്നു.

1838 ജൂൺ 28 ന് ജനിച്ച വിക്ടോറിയ രാജ്ഞി 1877 ൽ ഇന്ത്യയിലെ ബ്രിട്ടീഷ് ചക്രവർത്തിയായി അവരോധിക്കപ്പെട്ടു.

1862 മുതൽ 1873 വരെയുള്ള വർഷങ്ങളിൽ അടിച്ച നാണയങ്ങളിൽ വിക്ടോറിയ ക്വീൻ എന്നാണ് രേഖപ്പെടുത്തിയിരുന്നത്. 1877 മുതൽ 1901 വരെയുള്ള നാണയങ്ങളിൽ 'Victoria Empress' എന്നാണ് രേഖപ്പെ

ടുത്തിയിരിക്കുന്നത്.

വിക്ടോറിയ രാജ്ഞിയുടെ മകനായ എഡ്വേർഡ് ഏഴാമൻ 1901 ജനുവരി 22 മുതൽ 1910 മെയ് 6ാം തിയ്യതി വരെ ഇന്ത്യയുടെ ചക്രവർത്തിയായിരുന്നു. ഇക്കാലത്ത് സ്വർണ്ണനാണയങ്ങളൊന്നും ഇറക്കിയിരുന്നില്ല. വെള്ളി ചെമ്പു നാണയങ്ങളും 1906ൽ ഇറക്കിയ ഒരു അണ ചെമ്പ്-നിക്കൽ നാണയവുമാണ് നിലവിലുണ്ടായിരുന്നത്. ഈ നാണയങ്ങളിൽ മാത്രമേ കിരീടധാരിയായി എഡ്വേർഡ് രാജാവിനെ കാണാൻ കഴിയൂ.

22 ജൂൺ 1911 ന് പിൻഗാമിയായി



*കൊച്ചി ഡച്ച് ഒരു പുത്തൻ നാണയം*

## രൂപ നാണയം

1540 മുതൽ- 1545 വരെ ദില്ലി ഭരിച്ചിരുന്ന ഷേർഷാ സൂരിയാണ് 178 ഗ്രെയ്ൻസ് തൂക്കമുള്ള റുപ്പിയ നാണയം മുദ്രണം ചെയ്തത്. നാൽപ്പത് ചെമ്പു നാണയങ്ങൾക്ക് തുല്യമായിരുന്നു ഒരു രൂപ. മുഗൾ കാലത്തും മാറാഠാ കാലഘട്ടത്തിലും രൂപ നിലനിന്നു.

ബ്രിട്ടീഷ് ഭരണകാലത്തും തുടർന്നു സ്വതന്ത്ര്യ ഇന്ത്യയിലും രൂപ തന്നെയായിരുന്നു പണത്തിന്റെ ഏകകം.

ഒന്നാം ലോക യുദ്ധകാലത്ത് വെള്ളിക്ക് ക്ഷാമം നേരിട്ടപ്പോൾ കടലാസ്സ് രൂപങ്ങൾ പുറത്തിറക്കി. രണ്ടാം ലോകയുദ്ധത്തിന് ശേഷം 50% വെള്ളിയും പിന്നീട് ചെമ്പിന്റെയും നിക്കൽ, ഓട്, അലൂമിനിയം തുടങ്ങിയവയുടെയും കൂട്ടുലോഹങ്ങൾ രൂപ മുദ്രണം ചെയ്യുവാൻ ഉപയോഗിച്ചു.

1835 മുതൽ 1957 വരെ ഒരു രൂപക്ക് 16 അണ അല്ലെങ്കിൽ 64 പൈസ, അല്ലെങ്കിൽ 192 പൈ ആയിരുന്നു വില നിശ്ചയിച്ചിരുന്നത്. 1957 ൽ മെട്രിക് സിസ്റ്റം സ്വീകരിച്ച് ഒരു രൂപയ്ക്ക് 100 നയാപൈസ എന്നു നിജപ്പെടുത്തി. 1961 ജൂൺ 1 മുതൽ ഒരു രൂപയ്ക്ക് 100 പൈസ എന്ന് വില കൽപ്പിച്ചു വരുന്നു.

ബ്രിട്ടീഷുകാരോടൊപ്പം ഇന്ത്യയുടെ വിവിധ പ്രദേശങ്ങൾ കൈവശം വെച്ചിരുന്ന നാട്ടുരാജാക്കന്മാരും ഫ്രഞ്ച്, ഡച്ച്, പോർച്ചുഗീസ് ഭരണാധികാരികളും അവരവരുടെ രൂപ അടിച്ചിറക്കിയിരുന്നു.



ജോർജ് അഞ്ചാമൻ അധികാരമേറ്റു. ഇദ്ദേഹത്തിന്റെ കാലത്താണ് പ്രസിദ്ധമായ പിഗ്റുപ്പി ഇറക്കിയത്. 1911 ലെ നാണയങ്ങളിൽ രാജാവിന്റെ അങ്കിയിൽ ചേർത്തിരുന്ന ആനയുടെ രൂപം ഒരു പന്നിയെയാണ് അനുസ്മരിപ്പിക്കുന്നതെന്ന് ആരോ കണ്ടെത്തി. പല അഭ്യൂഹങ്ങളും പരന്നതിന്റെ അടിസ്ഥാനത്തിൽ ഈ നാണയങ്ങൾ പിൻവലിക്കുകയും ആനയുടെ രൂപം രണ്ടാമതും ഡിസൈൻ ചെയ്ത ശേഷം 1912 ൽ പുതിയതായി ഇറങ്ങുകയും ചെയ്തു.

വെള്ളിയുടെ ലഭ്യത കുറഞ്ഞപ്പോൾ 1919 ൽ 4 അണ നാണയം ചെമ്പ്- നിക്കൽ ലോഹക്കൂട്ടിൽ ഇറക്കിയിരുന്നു. എന്നാൽ ഒട്ടും ജനപ്രീതി ഇല്ലാതിരുന്നത് കൊണ്ട് 1921ന് ശേഷമുള്ള ഈ നാണയം പിൻവലിച്ചു. എന്നാൽ 2 അണ നാണയം ഇതേ രീതിയിൽ തുടർന്നു.

## നാട്ടുരാജ്യ നാണയങ്ങൾ

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ച കാലഘട്ടത്തിൽ ആശ്രിത രാജ്യങ്ങളായി 365 ചെറുപ്രദേശങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നു. തിരുവിതാംകൂർ, ഹൈദരാബാദ്, ബറോഡ, ഗ്വാളിയോർ തുടങ്ങിയ പ്രബല രാജ്യങ്ങൾ മുതൽ ഏതാനും കിലോമീറ്ററുകൾമാത്രം വലിപ്പമുള്ള കൊച്ചു പ്രദേശങ്ങൾ വരെ ബ്രിട്ടീഷ് ഭരണത്തിന്റെ തണലിൽ നിലനിന്നു.

ഇവയിൽ പലതിന്റെയും നാണയങ്ങൾ പലരുടെയും നാണയ ശേഖരങ്ങളിൽ കാണാം.

● വി.ആർ നരേന്ദ്രൻ